'ഭരണഭാഷ- മാതൃഭാഷ'

YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്- സ്വകാര്യ വ്യക്തിയുടെ കെട്ടിടത്തിൽ മൂന്ന് വർഷത്തേയ്ക്ക് കരാർ അടിസ്ഥാനത്തിൽ മാനദണ്ഡപ്രകാരമുള്ള വാടക നിശ്ചയിച്ച് പ്ലാസ്റ്റിക് ഷ്രഡിങ് യൂണിറ്റ് സ്ഥാപിച്ച് പ്രവർത്തിപ്പിക്കുന്നതിന് നന്നമ്പ്ര ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**തദ്ദേശ സ്വയം ഭരണ (ഡി.സി) വകുപ്പ്വകുപ്പ്**

**സ.ഉ.(സാധാ) നം.598/2019/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 12/03/2019

---

പരാമർശം:- 1 നന്നമ്പ്ര ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 15.02.2019- ലെ കത്ത്

2 മലപ്പുറം ജില്ലാപ്ലാനിംഗ് ഓഫീസറുടെ 20.02.2019-ലെ കത്ത്

3 27.02.2019-ൽ നടന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ പ്രത്യേക വിഷയങ്ങളിലെ തീരുമാനം നമ്പർ 4.57

**ഉത്തരവ്**

നന്നമ്പ്ര ഗ്രാമപഞ്ചായത്തിൽ വിവിധസ്ഥലങ്ങളിൽ നിന്നും ഹരിതകർമ്മസേന മുഖേന ശേഖരിക്കുന്ന പ്ലാസ്റ്റിക് മാലിന്യം സൂക്ഷിക്കുന്നതിനോ പ്ലാസ്റ്റിക് ഷ്രഡിങ് യൂണിറ്റ് സ്ഥാപിക്കുന്നതിനോ പഞ്ചായത്തിന് സ്വന്തമായി സ്ഥല സൗകര്യം ഇല്ലാത്തതിനാൽ സ്വകാര്യ വ്യക്തിയുടെ കെട്ടിടത്തിൽ മൂന്ന് വർഷത്തേയ്ക്ക് കരാർ അടിസ്ഥാനത്തിൽ പ്ലാസ്റ്റിക് ഷ്രഡിങ് യൂണിറ്റ് സ്ഥാപിച്ച പ്രവർത്തിപ്പിക്കുന്നതിന് അനുമതി നൽകണമെന്ന് നന്നമ്പ്ര ഗ്രാമപഞ്ചായത്ത് സെക്രട്ടറി പരാമർശം (1) പ്രകാരം ആവശ്യപ്പെട്ടിരുന്നു.

2. 27.02.2019-ൽ ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റി ഇക്കാര്യം പരിഗണിക്കുകയും മാനദണ്ഡപ്രകാരമുള്ള വാടക നിശ്ചയിക്കണമെന്ന നിബന്ധനയോടെ സ്വകാര്യ വ്യക്തിയുടെ കെട്ടിടത്തിൽ മൂന്ന് വർഷത്തേയ്ക്ക് കരാർ അടിസ്ഥാനത്തിൽ പ്ലാസ്റ്റിക് ഷ്രഡിങ് യൂണിറ്റ് സ്ഥാപിച്ച് പ്രവർത്തിപ്പിക്കുന്നതിന് നന്നമ്പ്ര ഗ്രാമപഞ്ചായത്തിന് അനുമതി നൽകാൻ പരാമർശം (3) പ്രകാരം തീരുമാനിക്കുകയും ചെയ്തു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മാനദണ്ഡപ്രകാരമുള്ള വാടക നിശ്ചയിക്കണമെന്ന നിബന്ധനയോടെ സ്വകാര്യ വ്യക്തിയുടെ കെട്ടിടത്തിൽ മൂന്ന് വർഷത്തേയ്ക്ക് കരാർ അടിസ്ഥാനത്തിൽ പ്ലാസ്റ്റിക് ഷ്രഡിങ് യൂണിറ്റ് സ്ഥാപിച്ച് പ്രവർത്തിപ്പിക്കുന്നതിന് നന്നമ്പ്ര ഗ്രാമപഞ്ചായത്തിന് പരാമർശം (3)-ന്റെ അടിസ്ഥാനത്തിൽ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

SINDHU. L.

**സ്പെഷ്യല് സെക്രട്ടറി**

പ്രസിഡന്റ് /സെക്രട്ടറി, നന്നമ്പ്ര ഗ്രാമപഞ്ചായത്ത്, മലപ്പുറം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, പ്ലാനിങ് ബോർഡ്, പട്ടം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് കോപ്പി
തദ്ദേശ സ്വയം ഭരണ (DA)വകുപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്-

തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പി എസ്-ന്
തദ്ദേശ സ്വയം ഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
തദ്ദേശ സ്വയം ഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ യ്ക്ക്